**പതിമൂന്നാം കേരള നിയമസഭ ഒമ്പതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5264**
**02.07.2013 ലെ മറുപടിക്ക്**
**ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടത്തേണ്ട പ്രവൃത്തികൾ**

**ചോദ്യം**

**ശ്രീ.വി.ചെന്താമരാക്ഷൻ എം.എൽ.എ**

**ഉത്തരം**

**ശ്രീ.കെ.എം.മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഒരു സാമ്പത്തിക വർഷം പിന്നിടുമ്പോഴും ആസ്തി വികസന ഫണ്ട് ഉപയോഗിച്ചു നടത്തേണ്ട പല പ്രവൃത്തികൾക്കും ഭരണാനുമതി ലഭിക്കാതെ പണി തുടങ്ങാൻ കഴിയാത്ത കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ധനകാര്യ വകുപ്പ് സാമ്പത്തികാനുമതി നൽകുന്ന പ്രവൃത്തികളുടെ ഭരണാനുമതി ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് പുറപ്പെടുവിക്കുന്നത്. ധനവകുപ്പ് അംഗീകരിച്ച ഭൂരിഭാഗം പ്രവൃത്തികൾക്കും ഇതിനോടകം ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ അത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടത്തേണ്ട പ്രവൃത്തികൾ തരംതിരിച്ച് തദ്ദേശ സ്വയം ഭരണവകുപ്പിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | ആസ്തി വികസന ഫണ്ടിൻ കീഴിൽ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് ഭരണാനുമതി നൽകി നടപ്പാക്കുന്നത്. അനുവദിക്കപ്പെടുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് നടത്തുന്നത്. ഓരോ സാമ്പത്തിക വർഷത്തേക്കും വിവിധ വകുപ്പുകൾക്കായി ഇതിലേക്ക് ആവശ്യം വരുന്ന തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ വരുന്ന പ്രവൃത്തികൾ തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന തന്നെയാണ് നടപ്പിലാക്കുന്നത്. ഇത് ഇനിയും തരം തിരിക്കുന്നത് ആസ്തി വികസന ഫണ്ടിന്റെ നടത്തിപ്പിന് വേഗത കൂട്ടാൻ സഹായിക്കുമെന്ന് കരുതുന്നില്ല. അതുകൊണ്ട് തദ്ദേശ ഭരണവകുപ്പിനു പ്രവൃത്തികൾ തരം തിരിച്ചു നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല |
| (സി) | പദ്ധതികളുടെ പൂർത്തീകരണത്തിന് വേഗത കൂട്ടാൻ ഇത് എത്രത്തോളം ഉപകരിക്കുമെന്ന് വിലയിരുത്തുമോ? | |

**സെക്ഷൻ ഓഫീസർ**